KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
| --- | --- | --- | --- |
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/77

തിരുവനന്തപുരം
20.09.2024

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം** :- ഇലക്ട്രിസിറ്റി വർക്കർ പ്രമോഷൻ - Training Schedule പുറത്തിറക്കുന്നത് സംബന്ധിച്ച്.

KSEBL ൽ ലൈൻമാന്റെ വളരെയധികം ഒഴിവുകൾ ഉണ്ട്. ലൈൻമാൻമാരുടെ എണ്ണക്കുറവ് KSEBL ന്റെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള വർക്കേഴ്സിന് പ്രമോഷൻ കൊടുത്താൽ പരിഹരിക്കാവുന്ന പ്രശനം KSEBL ന്റെ പിടിപ്പുകേടുകൊണ്ട് വഷളായിരിക്കുകയാണ്. 8 വർഷത്തിലധികമായി ജോലി ചെയ്യുന്ന വർക്കേഴ്സിന് പ്രമോഷൻ ലഭിച്ചിട്ടില്ല. 21.4.2022 ൽ ഗവണ്മെന്റ് ഇറക്കിയ ഉത്തരവിലെ പിഴവുകളാണ് എല്ലാ പ്രശ്നങ്ങളുടെയും കാരണം. ബഹുമാനപ്പെട്ട സുപ്രീം കോടതി, ഹൈക്കോടതി, ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, റെഗുലേറ്ററി കമ്മീഷൻ തുടങ്ങിയ ഇടങ്ങളിലൊക്കെ നിലവിലുള്ളവരെ സംരക്ഷിക്കാമെന്ന് പറഞ്ഞിട്ടും പ്രാവർത്തികമാക്കിയില്ല. 21.4.2022 ലെ ഗവൺമെന്റ് ഉത്തരവിൽ ITI/Diploma 5/7 വർഷത്തിനുള്ളിൽ നേടിയെടുക്കണം അല്ലെങ്കിൽ തരംതാഴ്ത്തും എന്ന് പറഞ്ഞാണ് രണ്ടാമത് വീണ്ടുമൊരു പ്രശ്നം ഉണ്ടാകാൻ കാരണം. ഇപ്പോൾ ബഹു.സുപ്രീം കോടതിയിലുള്ള കോടതിയലക്ഷ്യ ഹർജിയാണ് പ്രമോഷന് വിഘാതമെന്ന് ബോർഡും അംഗീകൃത യൂണിയനും പറയുന്നു. 28.9.2022 ൽ ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കോടതിയലക്ഷ്യ ഹർജിയിൽ പോസ്റ്റിങ്ങ് നടക്കാത്തതാണ് പ്രമോഷന് മറ്റൊരു തടസ്സം. നിലവിലെ ലിസ്റ്റ് അനുസരിച്ച് 23.9.2024 ലേക്ക് Tentative ആയി കേസ് പോസ്റ്റ് ചെയ്തതായി മനസിലാക്കുന്നു.

CEA റെഗുലേഷൻ 2023 പ്രകാരം നോട്ടിഫിക്കേഷൻ തീയതിയായ 8.6.2023 വരെ സർവ്വീസിലുള്ള എല്ലാ ജീവനക്കാരെയും സംരക്ഷിച്ചിരിക്കുകയാണ്. ആയതിനാൽ നിലവിലുള്ള

Contempt case നിലനിൽക്കില്ല. പക്ഷെ ഇത് ബഹു.കോടതിയിൽ KSEBL ന്റെ അഡ്വക്കേറ്റ് വ്യക്തമാക്കണം. അവർക്ക് ഒരു ട്രെയിനിങ് 2 വർഷത്തിനകം നൽകണമെന്നാണ് റെഗുലേഷനിൽ പറഞ്ഞിരിക്കുന്ന പ്രധാനകാര്യം. 15 മാസമായിട്ടും ട്രെയിനിങ് നല്കിയില്ലായെന്ന് മാത്രമല്ല ഒരു ട്രെയിനിങ് ഷെഡ്യൂൾ പോലും പുറത്തിറക്കിയിട്ടില്ല. ട്രെയിനിങ് നൽകുവാൻ ഇനിയും 9 മാസം കൂടി മാത്രമേ അവശേഷിക്കുന്നുള്ളൂ. മാത്രവുമല്ല ബഹു.സുപ്രീം കോടതിയിൽ contempt case പോസ്റ്റിങ്ങ് വരുമ്പോൾ കുറഞ്ഞപക്ഷം Training Schedule എങ്കിലും പബ്ലിഷ് ചെയ്യണം. ആയതിനാൽ ഒരു ട്രെയിനിങ് ഷെഡ്യൂൾ പബ്ലിഷ് ചെയ്ത് അടുത്ത ഹിയറിങ് തീയതിയിൽ ഇത് കോടതിയിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ.പി.ധനപാലൻ Ex.MP
പ്രസിഡന്റ്

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

നസീർ.എം
ജനറൽ സെക്രട്ടറി

Copy to :- The Chief Engineer (HRM) KSEB Ltd, Vydyuthy Bhavan, Pattom